**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2229** **12-02-2024 - ൽ മറുപടിയ്ക്ക്**

**സൗജന്യ ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സൗജന്യ ചികിത്സ നൽകുന്നതിൽ ആരോഗ്യവകുപ്പ് കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ആർ.എസ്.ബി.വൈ, ചിസ്, ചിസ് പ്ലസ് എന്നിവയും, കേന്ദ്ര സർക്കാർ ആയുഷ്മാൻ ഭാരത് പദ്ധതിയുടെ കീഴിൽ രൂപം നൽകിയ പ്രധാന മന്ത്രി ജൻ ആരോഗ്യ യോജന പദ്ധതിയുമായി സഹകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ രൂപം നൽകിയ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി. 2020 ജൂലൈ മാസം മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയിൽ 41,99,233 കുടുംബങ്ങൾ അംഗങ്ങൾ ആണ്.<br><br>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി(KASP) പ്രകാരം അർഹതയുള്ള കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും പ്രായ വ്യത്യാസമില്ലാതെ അഞ്ച് ലക്ഷം രൂപയുടെ ദ്വിതീയ, ത്രിതീയ സൗജന്യ ചികിത്സ ഓരോ വർഷവും പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ആശുപത്രികളിൽ നിന്ന് ലഭിക്കുന്നതാണ്.<br><br>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെയാണ് രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ പുരസ്കാരത്തിന് കേരളം അർഹത നേടിയത്. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനം എന്ന വിഭാഗത്തിൽ തുടർച്ചയായ മൂന്നാം തവണയാണ് ഈ പുരസ്കാരം ലഭിക്കുന്നത്.<br><br>കാഴ്ച പരിമിതരായിട്ടുള്ള പദ്ധതി ഗുണഭോക്താക്കൾക്കായി ചികിത്സാ കാർഡ് ബ്രെയ്‌ലി ലിപിയിൽ ലഭ്യമാക്കിയതിന് 'മികവുറ്റ പ്രവർത്തനങ്ങൾ' എന്ന |

| | | | |
|---|---|---|---|
| | | | വിഭാഗത്തിലെ പുരസ്കാരം, അനുവദിച്ച തുകയുടെ പൂർണ വിനിയോഗം നടത്തിയ സംസ്ഥാനം, ഓരോ 1000 കുടുംബങ്ങൾക്കും ഏറ്റവും കൂടുതൽ ആശുപത്രി കിടക്കകൾ എംപാനൽ ചെയ്ത സംസ്ഥാനം, 90% കുടുംബങ്ങൾക്കും ഏതെങ്കിലും ആയുഷ്മാൻ കാർഡ് ഉറപ്പാക്കിയ സംസ്ഥാനം എന്നീ വിഭാഗങ്ങളിലും 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് പുരസ്കാരം ലഭിച്ചിട്ടുണ്ട്.<br><br>കാസ്പ് പദ്ധതിയിൽ ഉൾപ്പെടാത്ത മൂന്നു ലക്ഷം രൂപയിൽ കുറവ് വാർഷിക വരുമാന പരിധിയുള്ള കുടുംബങ്ങൾക്കായി കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി മുഖാന്തരവും ഈ ആശുപത്രികൾ വഴി സൗജന്യ ചികിത്സ സേവനങ്ങൾ ഉറപ്പാക്കുന്നു. ഇതോടൊപ്പം 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുന്ന ആരോഗ്യകിരണം, കേൾവി പരിമിതിയുള്ള 5 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ കോക്ലിയാർ ഇംപ്ലാന്റേഷൻ ഉറപ്പാക്കുന്ന ശ്രുതിതരംഗം, തുടങ്ങിയ വിവിധ ആരോഗ്യ-ക്ഷേമ പദ്ധതികൾ ആരോഗ്യ വകുപ്പിന്റെ കിഴിൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസ്പ് വഴി നൽകിയ സൗജന്യ ചികിത്സയുടെ വിശദാംശങ്ങൾ നൽകാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസ്പ് വഴി 16,78,194 ഗുണഭോക്താക്കൾക്ക് 4222.55 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ